# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

നമ്പർ. 1092/ആർ 2/2025/KDRB തിരുവനന്തപുരം , 08.08.2025

**<u>അറിയിപ്പ്</u>**

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ പ്ലംബർ (കാറ്റഗറി നം. 08/2025), കലാനിലയം സൂപ്രണ്ട് (കാറ്റഗറി നം. 15/2025) എന്നീ തസ്തികകളിലേയ്ക്കുള്ള ഒ.എം.ആർ പരീക്ഷ 2025 ആഗസ്റ്റ് 24 ന് രാവിലെ 9 മണി മുതൽ 10.45 മണി വരെയും, കംപ്യൂട്ടർ ഓപ്പറേറ്റർ/ഡാറ്റ എൻട്രി ഓപ്പറേറ്റർ (കാറ്റഗറി നം. 25/2025), കംപ്യൂട്ടർ സ്പെഷ്യൽ അസിസ്റ്റന്റ് (കാറ്റഗറി നം. 26/2025) ഡെപ്യൂട്ടി സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (കാറ്റഗറി നം.27/2025) എന്നീ തസ്തികകളുടെ പൊതു ഒ.എം.ആർ പരീക്ഷ 2025 ആഗസ്റ്റ് 24 ന് ഉച്ചയ്ക്ക് ശേഷം 01.30 മണി മുതൽ 03.15 മണി വരെയും, വർക്ക് സൂപ്രണ്ട് (കാറ്റഗറി നം. 22/2025), മെഡിക്കൽ ഓഫീസർ (ആയുർവേദ)(കാറ്റഗറി നമ്പർ : 29/2025) എന്നീ തസ്തികകളുടെ ഒ.എം.ആർ പരീക്ഷ 2025 ആഗസ്റ്റ് 24 ന് ഉച്ചയ്ക്ക് ശേഷം 01.30 മണി മുതൽ 03.15 മണി വരെയും തൃശ്ശൂർ ജില്ലയിലെ വിവിധ പരീക്ഷാകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത പരീക്ഷകൾ എഴുതുന്നതിന് ഹാൾ ടിക്കറ്റ് ലഭിച്ചിട്ടുള്ള ഭിന്നശേഷിക്കാരായ (40 ശതമാനത്തിനു മുകളിൽ) ഉദ്യോഗാർത്ഥികൾക്ക് (ടി തസ്തികകളിലേയ്ക്ക് ദേവജാലിക പ്രൊഫൈൽ മുഖേന സമർപ്പിച്ച അപേക്ഷയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി ആണെന്ന് അവകാശപ്പെട്ടിട്ടുള്ള പക്ഷം) സ്ക്രൈബിനെ ആവശ്യമുണ്ടെങ്കിൽ ആയത് <u>**19.08.2025(ചൊവ്വാഴ്ച)** തീയതി വൈകിട്ട് 5 മണിക്ക് മുമ്പായി ഇ-മെയിൽ മുഖാന്തിരമോ (kdrbtvm@gmail.com) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നേരിട്ട് എത്തിയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്</u>. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്കുശേഷം ലഭ്യമാകുന്ന ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല.

പ്രസ്തുത തസ്തികകളിലേയ്ക്ക് സമർപ്പിച്ച അപേക്ഷ ഫോം, പരീക്ഷയുടെ ഹാൾ ടിക്കറ്റ്, മെഡിക്കൽ ബോർഡ് നൽകുന്ന നിശ്ചിത മാതൃകയിലുള്ള ഡിസെബിലിറ്റി

സർട്ടിഫിക്കറ്റ് (**JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATION**), ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിലെ ഡോക്ടർമാർ നൽകുന്ന "**എഴുതുവാൻ ബുദ്ധിമുട്ടുണ്ട്**" എന്ന് കാണിച്ച് കൊണ്ടുള്ള സർട്ടിഫിക്കറ്റ് (Appendix I)എന്നിവ സഹിതം അപേക്ഷ സമർപ്പിക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. Appendix I ഫോം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ (www.kdrb.kerala.gov.in) DOWNLOADS -> FORMS -> APPENDIX I - FORM - REGARDING SCRIBE എന്ന ലിങ്കിൽ ലഭ്യമാണ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്